URBAN HOUSING MISSION

**LOCAL SELF GOVERNMENT DEPARTMENT**
**GOVERNMENT OF KERALA**
**Ph No :0471-2554714,15 | Fax : 0471-2554717**
**email:uhmkerala@gmail.com | www.urbanhousingmission.org**

2560/എൻ/2016/കെ എസ് എച്ച്.ഒ. 12.04..2016

പ്രേക്ഷിത

മെമ്പർ സെക്രട്ടറി
അർബൻ ഹൗസിംഗ് മിഷൻ

സ്വീകർത്താവ്

1. നഗരസഭാ ചെയർമാന്മാർ/ കോർപ്പറേഷൻ മേയർമാർ
2. നഗരസഭാ സെക്രട്ടറി / കോർപ്പറേഷൻ സെക്രട്ടറി

സർ,

വിഷയം:- UHM - PMAY - ഫെസിലിറ്റേറ്റർ - നിയമനം - സംബന്ധിച്ച്.

സൂചന:- നാഷണൽ ഹൗസിംഗ് ബാങ്കിന്റെ 6/1/2016-ലെ ഡി.ഒ. നം. ജി 16014/16/2015-എച്ച്എഫ്എ-വി(എഫ്റ്റിഎസ്-14533) നമ്പരായ കത്ത്

'എല്ലാവർക്കും ഭവനം' എന്ന പദ്ധതിയുടെ പ്രാരംഭ ഘട്ടങ്ങൾ താങ്കളുടെ നഗരസഭയിൽ ഇതിനോടൊപ്പം പൂർത്തീകരിക്കുകയോ, ആയതിന്റെ അന്തിമ ഘട്ടത്തിലോ ആണല്ലോ. നാല് ലംബ ഘട്ടങ്ങളായാണ് നഗരസഭയിലെ ഭവന രഹിതരുടെ ഭവനമെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ പിഎംഎവൈ ലക്ഷ്യമിടുന്നത്. ഭവനം വാങ്ങുന്നതിനോ; നിർമ്മിക്കുന്നിനോ നിലവിലെ പലിശ നിരക്കിൽ നിന്നും 6.5% കുറഞ്ഞ നിരക്കിൽ, തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ബാങ്കുകൾ മുഖേന വായ്പ നൽകുന്ന ഘടകമാണ് പിഎംഎവൈയിലെ രണ്ടാമത്തെ ലംബ ഘടകമായ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിസി (സിഎൽഎസ്എസ്)

ഭവന രഹിതരുടെ വിവരശേഖരണം നടത്തിയ വേളയിൽ, ബാങ്കിൽ നിന്നും വായ്പയെടുത്ത് ഭവനം നിർമ്മിക്കാൻ താല്പര്യമുള്ളവരുടെ പട്ടിക ഇതിനോടകം പല നഗരസഭകളിലും തയ്യാറാക്കിയിട്ടുണ്ട്. ഇവർക്ക് മറ്റു ലംബ ഘടക പദ്ധതിയിൽ ആനുകൂല്യം കിട്ടുന്നില്ല എന്ന് ഉറപ്പവരുത്തേണ്ടത് നഗരസഭയുടെ ഉത്തരവാദിത്വമാണ്. സിഎൽഎസ്എസ് ഒഴികെയുള്ള എല്ല ഘടക പദ്ധതികളും നഗരസഭയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ, സിഎൽഎസ്എസ് പദ്ധതി പ്രകാരമുള്ള ഗുണോക്താക്കൾ മറ്റു

ഘടക പദ്ധതിയിൽ വരുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സിഎൽ എസ് എസ് വരുന്ന ഗുണഭോക്താക്കൾക്ക് നഗരസഭകൾ നിശ്ചിത മാതൃകയിലുള്ള ഒരു നിരാക്ഷേപ പത്രം(എൻഒസി) നൽകേണ്ടതാണ്. പ്രസ്തുത നിരാക്ഷേപത്രം ഹാജരാക്കുന്നവർക്ക് മാത്രമേ ബാങ്കുകൾ (പിഎൽഐ) - പിഎംഎവൈ പദ്ധതി പ്രകാരം വായ്പ നൽകുകയുള്ളു. നിരാക്ഷേപ പത്രം, അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പരിശോധിച്ച് നിരക്ഷേപ പത്രം നൽകേണ്ടതും, ആയതിന് ഉന്നതതലത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേ ണ്ടതുമാണ്. എൻഒസി നൽകുമ്പോൾ, ടി വിവരം പട്ടികയിൽ തീയതി വച്ച് രേഖപ്പെടു ത്തേണ്ടതാണ്.

സിഎൽഎസ്എസ്സിൽ വരുന്ന ഗുണഭോക്താക്കൾ ദരിദ്രരും, സാമ്പത്തിക സാക്ഷരത കുറവുള്ളവരുമായിരിക്കാൻ. സാധ്യതയുണ്ട്. ഇവർക്ക് ബാങ്ക് വായ്പ എടുക്കുന്നതിന്റെ നടപടിക്രമങ്ങളെക്കുറിച്ചോ ആയതിന് ആവശ്യമായ രേഖകളെ സംബന്ധിച്ചോ, വ്യക്തമായ ധാരണ ഉണ്ടായിരിക്കാൻ സാധ്യതയില്ല. ആയതിനാൽ, ടി വിഷയത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ആവശ്യമായ സഹായം നൽകുന്നതിനും ഒരു സഹായിയെ നിയോഗിക്കുന്നത് (ഫെസിലിറ്റേറ്റർ) ഗുണകരമായിരിക്കുമെന്ന് കരുതുന്നു. ഇത്തരത്തിൽ സഹായിയെ നിയോഗിക്കുന്നതിന് മിഷൻ മാർഗ്ഗരേഖയും എൻഎച്ച്ബിയും (NHB) നിർദ്ദേശിക്കുന്നു. ടി സാഹചര്യത്തിൽ, ഗുണഭോക്താക്കളെ സഹായിക്കുന്നതിനായി ഫെസിലിറ്റേറ്ററിനെ നിയമിക്കുന്നതിന് നഗരസഭകൾക്ക് താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, അനുവാദം നൽകുന്നു.

1) 100 ഗുണഭോക്താക്കൾക്ക് ഒരു ഫെസിലിറ്റേറ്റർ എന്ന ക്രമത്തിലാണ് നിയമനം നടത്തേണ്ടത്. (ഏറ്റക്കുറിച്ചിലുകൾ അനുവദനീയം)
2) നഗരസഭയിൽ നിന്നും, ഗുണഭോക്താക്കളുടെ പട്ടികശേഖരിച്ച്, ഗുണഭോക്താക്കളെ കണ്ടെത്തി; വായ്പ അപേക്ഷ തയ്യാറാക്കി ബാങ്കിൽ കൊടുക്കുന്നതു മുതൽ വായ്പ അനുവദിക്കുന്നതുവരെയുള്ള നടപടിക്രമങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം, സഹായം, പിന്തുണ എന്നിവ നൽകി വായ്പ നേടികൊടുക്കുകയെന്നതായിരിക്കും ഇവരുടെ ദൗത്യം
3) ഫെസിലിറ്റേറ്റർമാരെ പരമാവധി വാർഡ് അടിസ്ഥാനത്തിൽ (വർഡുകളുടെ കൂട്ടം) നിയമിക്കേണ്ടതാണ്. ഇത്തരത്തിൽ നിയമിക്കുമ്പോൾ വാർഡിനകത്തുള്ളവർക്ക് മുൻഗണന നൽകുന്നത് അഭികാമ്യമായിരിക്കും.
4) അനുവദിക്കപ്പെടുന്ന ഓരോ ബാങ്ക് വായ്പക്കും 250/- രൂപ നിരക്കിൽ ഫെസിലിറ്റേറ്റർക്ക് ബാങ്ക് മുഖാന്തിരം ലഭ്യമാക്കുന്നതാണ്.

5) തെരഞ്ഞെടുക്കപ്പെടുന്നവർ, താഴെപറയുന്ന യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്.

   a. നഗരസഭ പരിധിയിലെ സ്ഥിര താമസക്കാരനായിരിക്കേണ്ടതാണ്.
   b. കുറഞ്ഞത് +2 പാസായിരിക്കണം
   c. ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനവും കംപ്യൂട്ടർ പരിജ്ഞാനവും അഭികാമ്യം
   d. നിലവിലെ പിഎംഎവൈ സർവ്വേയർമാർക്ക് മുൻഗണന.
   e. കുടുംബശ്രീ അംഗങ്ങൾക്ക് മുൻഗണന

6) നഗരസഭാ ചെയർമാൻ, നഗരസഭാ സെക്രട്ടറി, ഡിഎൽബിസി (DLBC) പ്രതിനിധി എന്നിവർ അടങ്ങുന്ന സമിതിയാണ് ഫെസിലിറ്റേറ്റർമാരുടെ തെരഞ്ഞെടുപ്പ് നടത്തേണ്ടത്.

7) ഫെസിലിറ്റേറ്റർമാരെ തെരഞ്ഞെടുത്ത് നഗരസഭ ഉത്തരവിറക്കേണ്ടതും, അവർക്ക് സിഎൽറ്റിസി ജീവനക്കാരെ ഉപയോഗിച്ച് പരിശീലനം നൽകേണ്ടതാണ്.

എല്ലാ നഗരസഭകളും മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് സിഎൽഎസ്എസ് ഘടകത്തിലെ ഗുണഭോക്താക്കൾക്ക് ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)
**മെമ്പർ സെക്രട്ടറി (ഇൻ-ചാർജ്)**
**അർബൻ ഹൗസിംഗ് മിഷൻ**

ഉള്ളടക്കം : നിരക്ഷേപ പത്രത്തിന്റെ മാതൃക

To,

1. നഗരസഭ ചെയർമാൻമാർ/കോർപ്പറേഷൻ മേയർമാർ
2. നഗരസഭ സെക്രട്ടറി/ കോർപ്പറേഷൻ സെക്രട്ടറി

Copy to:

1. കൺവീനർ,എസ്എൽബിസി (ഉപരിപത്രം സഹിതം)
2. എക്സിക്യൂട്ടീവ് ഡയറക്ടർ, ഹഡ്കോ, തിരുവനന്തപുരം
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാ ഡിഎൽബിസി കൺവീനർമാർക്കും
5. സി ഇ ഒ, എൻഎച്ച്ബി, ബങ്കളൂരു.

**അംഗീകാരത്തോടെ**

**ഡയറക്ടർ (യു എച്ച് എം)**

# No Objection Certificate

**PMAY (Beneficiaries under CLSS)**

**...............................Corporation/Municipality**

This is to certify that Smt................................................. (Full Address) is a resident of this ULB and a beneficiary under CLSS Component of PMAY. Further it is sated that, she has not availed any financial assistance /benefit from other three verticals of PMAY. This certificate is issued to produce the same before ..............................Bank (........................Branch), to avail assistance under CLSS(PMAY)

This certificate is issued on verifying the beneficiary list of CLSS, maintained in this office.

Place: (Office Seal) Sd/-

Date: Secretary/An authorized officer of ULB

...........Corporation/Municipality